**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1787** **08-10-2021 - ൽ മറുപടിയ്ക്ക്**

**വാഹനം പൊളിക്കൽ നയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്രസർക്കാർ പ്രഖ്യാപിച്ച വാഹനം പൊളിക്കൽ നയം നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | ഈ വിഷയം സംബന്ധിച്ചുള്ള ഗുണ – ദോഷ വശങ്ങൾ പരിശോധിച്ചു വരുന്നു. |
| (ബി) | ഏതെല്ലാം ഘടകങ്ങൾ അടിസ്ഥാനമാക്കിയാണ് വാഹനങ്ങൾ പൊളിക്കുന്നതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത നയത്തിൽ പറയുന്ന കാര്യങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; | (ബി) | കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച GSR 653 (E) dtd.23.09.2021 നമ്പർ വിജ്ഞാപന പ്രകാരം താഴെപ്പറയുന്ന മാനദണ്ഡങ്ങൾ അനുസരിച്ചുള്ള വാഹനങ്ങൾ മാത്രമാണ് പൊളിയ്ക്കുവാൻ നിർദ്ദേശിച്ചിട്ടുള്ളത്. 1. 1989 – ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടം 52 പ്രകാരം രജിസ്ട്രേഷൻ പുതുക്കാത്ത നോൺ ട്രാൻസ്പോർട്ട് വാഹനങ്ങൾ. 2. ചട്ടം 62 പ്രകാരം ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പുതുക്കാത്ത ട്രാൻസ്പോർട്ട് വാഹനങ്ങൾ. 3. അഗ്നി ബാധ, പ്രകൃതി ദുരന്തങ്ങൾ, റോഡപകടങ്ങൾ, കലാപങ്ങളിൽ തകർക്കപ്പെട്ടവ, അല്ലെങ്കിൽ മറ്റേതെങ്കിലും ദുരന്തങ്ങൾ എന്നിവമൂലം കേടുപാടുകൾ സംഭവിച്ച വാഹനങ്ങൾ. 4. സർക്കാരിന്റെയോ മറ്റേതെങ്കിലും സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ളതും അറ്റകുറ്റപ്പണികൾ ലാഭകരമല്ലാ എന്നും സാമ്പത്തിക ബാധ്യത ഉണ്ടാക്കാൻ സാധ്യതയുള്ളവ എന്നും കണ്ടെത്തിയ വാഹനങ്ങൾ. 5. പൊളിക്കുന്നതിന് വേണ്ടി പൊതു ലേലത്തിൽ വാങ്ങിയവ. 6. ഖനികൾ, റോഡ് നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട പ്രത്യേകാവശ്യത്തിനുവേണ്ടി ഉപയോഗിക്കുകയും മറ്റ് രീതിയിൽ പുനരുപയോഗം സാധ്യമല്ല എന്നതിനാൽ കാലഹരണപ്പെട്ടത് എന്ന് ഉടമസ്ഥൻ സ്വയം സാക്ഷ്യപ്പെടുത്തിയ വാഹനങ്ങൾ. 7. നിർമ്മാണ ന്യൂനതകൾ കാരണം വിൽപ്പന നടക്കാത്തവയും രജിസ്റ്റർ ചെയ്യാൻ കഴിയാത്തവയും ടെസ്റ്റിംഗ് വേളയിലോ ഫാക്ടറിയിൽ നിന്നും ഡീലർമാർക്ക് കൈമാറുന്നതിനായി കൊണ്ടു പോകുന്ന വഴിയ്ക്ക് ഏതെങ്കിലും തരത്തിൽ കേടുപാടുകൾ സംഭവിച്ചതോ ആയി സർട്ടിഫൈ |

| | | | |
|---|---|---|---|
| | | | ചെയ്യപ്പെട്ട വാഹനങ്ങൾ. 8. ഏതെങ്കിലും എൻഫോഴ്സ്മെന്റ് ഏജൻസികൾ ലേലം ചെയ്തെടുത്തതോ കണ്ടുകെട്ടിയതോ ഉപേക്ഷിച്ചതോ ആയ വാഹനങ്ങൾ. 9. വാഹന ഉടമകൾ വാഹനം പൊളിക്കുന്നതിനായി സ്വമേധയാ Registered Vehicle Scrapping Facility Centre മുമ്പാകെ ഹാജരാക്കുന്ന വാഹനങ്ങൾ എന്നിവയാണ് പൊളിയ്ക്കാൻ നിർദ്ദേശിച്ചിട്ടുള്ളത്. |
| (സി) | വാഹനങ്ങൾ പൊളിക്കുന്നതിന് മുമ്പ് ഫിറ്റ്നസ് പരിശോധന നടത്തുമോ; എങ്കിൽ ഏത് കേന്ദ്രത്തിൽ വച്ചായിരിക്കും നടത്തുകയെന്ന് വ്യക്തമാക്കാമോ; | (സി) | രജിസ്ട്രേഷൻ / ഫിറ്റ്നസ് കാലാവധി അവസാനിച്ച വാഹനങ്ങൾക്ക് ഫീസ് ഒടുക്കി അവ പുതുക്കുന്നതിനുള്ള അവസരമുണ്ട്. ഇതിനായുള്ള ടെസ്റ്റുകളിൽ പ്രസ്തുത വാഹനങ്ങൾ പരാജയപ്പെടുകയും ഉപയോഗയോഗ്യമല്ലാ എന്ന് ഉറപ്പ് വരുത്തുകയും ചെയ്യുന്ന സാഹചര്യത്തിൽ മാത്രമേ അവ പൊളിക്കേണ്ടതായിട്ടുള്ളൂ. വാഹനങ്ങൾ പൊളിക്കുന്നതിനു മുമ്പായി പരിശോധന നടത്തുന്നതിന് അംഗീകൃത സ്ഥാപനങ്ങൾ ഇപ്പോൾ നിലവിലില്ല. |
| (ഡി) | വാഹനം പൊളിക്കുന്നതിന് പ്രത്യേക സ്ഥാപനങ്ങളെ ഏർപ്പാട് ചെയ്യുന്നുണ്ടോയെന്ന് അറിയിക്കാമോ; എങ്കിൽ അതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ; | (ഡി) | കേന്ദ്രത്തിന്റെ പൊളിക്കൽ നയത്തിനനുസൃതമായി കേരളത്തിൽ പുതിയ നിയമം കൊണ്ടുവരുന്നതോ, ഭേദഗതിയോ സംബന്ധിച്ച് വിവിധ വശങ്ങൾ പരിശോധിച്ച് വരുന്നു. |
| (ഇ) | കേന്ദ്രത്തിന്റെ പൊളിക്കൽ നയത്തിനനുസൃതമായി കേരളത്തിൽ പുതിയ നിയമം കൊണ്ടുവരാനോ നിലവിലുള്ള നിയമം ഭേദഗതി ചെയ്യാനോ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ഇ) | കേന്ദ്രത്തിന്റെ പൊളിക്കൽ നയത്തിനനുസൃതമായി കേരളത്തിൽ പുതിയ നിയമം കൊണ്ടുവരുന്നതോ, ഭേദഗതിയോ സംബന്ധിച്ച് വിവിധ വശങ്ങൾ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ